LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

കെ.എ.പി. 3-ാം ബറ്റാലിയനിലേക്കുള്ള നിയമനം

38 (790) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എ. പി. 3-ാം ബറ്റാലിയനിലേക്ക് നിയമനം നടത്തുന്നതിലേക്ക് സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ജില്ലയിലും എത്രപേരെ വീതം റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും ആരേയും ട്രെയിനിംഗിന് വിളിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ട്രെയിനിംഗിന് വിളിക്കുന്നതിനും നിയമനം നടത്തുന്നതിനും എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി &ഡി) ഒരു ബാച്ചിന്റെ ട്രെയിനിംഗ് നടത്താൻ ആവശ്യമായ ഒഴിവുകൾ ഇല്ലാത്തതിനാലാണ് നിലവിലുള്ള ലിസ്റ്റിൽ നിന്ന് ആരെയും ട്രെയിനിംഗിന് വിളിക്കാത്തത്. എന്നാൽ ഈയിടെയായി 90 പി. സി. മാരുടെ ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ജില്ലാ എ. ആറിലേയ്ക്കുള്ള പി. സി. മാരുടെ സ്ഥലംമാറ്റത്തിനുശേഷം പ്രസ്തുത ഒഴിവുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിനായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

പൊഴിയൂർ പോലീസ് സ്റ്റേഷനതിർത്തിയിലെ തീവെയ്പ്പ് കേസന്വേഷണം

39 (791) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊഴിയൂർ പോലീസ് സ്റ്റേഷനതിർത്തിയിൽ എത്ര തീവെയ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ;

(ബി) അയിരയിൽ പ്രവർത്തിച്ചിരുന്ന അഞ്ജലി തീയേറ്റേഴ്സ് ബാലേ ട്രൂപ്പിൽ തീപിടിച്ചതു സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ് ; എത്ര പ്രതികളെ അറസ്റ്റ് ചെയ്തു ; ഏതൊക്കെ വകുപ്പുപ്രകാരം കേസ്സുകളെടുത്തിട്ടുണ്ട് ; പ്രതികൾ ആരെല്ലാം ;

(സി) ഈ തീപിടുത്തംമൂലം കടയൂടമ ബാലേട്രൂപ്പ്, ഈ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഫാൻസി സ്റ്റേഷനറി കടയുൾപ്പെടെയുള്ള കടകൾ എന്നിവയ്ക്ക് എത്ര തുകയുടെ നഷ്ടം വന്നിട്ടുണ്ട് ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബാലേ ട്രൂപ്പിലെ ഉൾപ്പോര് നിമിത്തമാണ് തീ പിടുത്തമുണ്ടായത് എന്നത് പോലീസ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇവരിൽ നിന്നും കെട്ടിടത്തിനും മറ്റു കടകൾക്കുമുണ്ടായ നഷ്ടം ഈടാക്കി നൽകാൻ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ തീവെയ്പു കേസിൽ നെയ്യാറ്റിൻകര ഡി. വൈ. എസ്. പി. പൊഴിയൂർ സർക്കിൾ ഇൻസ്പെക്ടർ എന്നിവർ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലെ അനാസ്ഥയെക്കുറിച്ച് ഉന്നതതല അന്വേഷണം നടത്തുമോ ;

(എഫ്) ഈ സ്ഥാപനം തീവെച്ചു നശിപ്പിച്ചതും അതിനടുത്തുള്ള സംഘടനകളുടെ ബോർഡ് നശിപ്പിച്ചതും പോലുള്ള കേസുകൾ ആവർത്തിക്കാതിരിക്കാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് സുപ്രണ്ട് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്നും ഈ കേസുകളിലെ പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(ജി) ഈ സർക്കാർ വന്നശേഷം ഈ പ്രദേശത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിൽ നടന്നതും രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ക്രിമിനൽ കേസുകൾ എത്ര ; എത്ര കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു, ഇനി എത്ര കേസുകളിൽ അറസ്റ്റു ചെയ്യുവാനുണ്ട് ; എത്ര കേസുകൾ ഒത്തുതീർത്തു ; എത്ര കേസുകൾ കോടതിക്ക് റഫർ ചെയ്തു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്ന് തീവെയ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല.

(ബി) തീപിടിച്ചതു സംബന്ധിച്ച കേസ് അന്വേഷണാവസ്ഥയിലാണ്. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. ഫയർ ഒക്കറൻസ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും അറിവായിട്ടില്ല.

(സി) ഉദ്ദേശം നാലു ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) കേസ് അന്വേഷണാവസ്ഥയിലാണ്. അന്വേഷണം പൂർത്തിയായാൽ മാത്രമേ കേസിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഇ) കേസിന്റെ അന്വേഷണത്തിൽ അനാസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കേസുകൾ ആവർത്തിക്കാതിരിക്കാനും കേസിന്റെ അന്വേഷണം ഊർജ്ജിതമാക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയട്ടുണ്ട്.

(ജി) 55 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 50 കേസുകളിലെ പ്രതികളെ അറസ്റ്റുചെയ്തു. 5 കേസിലെ പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്. കേസുകളൊന്നും ഒത്തുതീർപ്പാക്കിയിട്ടില്ല. 50 കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്.

ചേർപ്പ് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കുറ്റകൃത്യങ്ങൾ

40 (792) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽ 2001 മേയ് മുതൽ 2003 മേയ് 31 വരെ പിടിച്ചുപറി, മോഷണം, മാലപൊട്ടിക്കൽ, ഭവനഭേദനം, തട്ടിക്കൊണ്ടു പോകൽ എന്നിവ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര കേസുകളിലെ പ്രതികളെ ശക്ഷിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2003 മേയ് മാസത്തിൽ മാത്രം ചേർപ്പ് പോലീസ് സ്റ്റേഷനതിർത്തിയിൽ രജിസ്റ്റർ ചെയ്ത കേസുകൾ എത്ര ;

(ഡി) ചേർപ്പ് പോലീസ് സ്റ്റേഷനിൽ പോലീസുകാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) ചേർപ്പ് പോലീസ് സ്റ്റേഷനിൽ എസ്.ഐ.സി.ഐ. തസ്തികയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) ജനങ്ങളുടെ സമാധാനവും സൈരജീവിതവും ഉറപ്പുവരുത്തുന്നതിന് പ്രസ്തുത മേഖലയിൽ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പിടിച്ചുപറി - ഇല്ല
മോഷണം - 23
മാലപൊട്ടിക്കൽ - 4
ഭവനഭേദനം - 29
തട്ടിക്കൊണ്ടുപോകൽ - 3

(ബി) ആരേയും ശിക്ഷിച്ചിട്ടില്ല.

(സി) 44 കേസുകൾ.

LIBRARY ARCHIVES Kerala Legislative Assembly